പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.4599

28-06-2013-ൽ
മറുപടിയ്ക്ക്

## സുസ്ഥിരനഗരവികസനപദ്ധതി

ചോദ്യം
ശ്രീ.ഇ.പി.ജയരാജൻ

മറുപടി
ശ്രീ.മഞ്ഞളാംകുഴി അലി

| | |
|---|---|
| **എ**) സുസ്ഥിരനഗരവികസനപദ്ധതിയുമായി ബന്ധപ്പെട്ട് കൺസൾട്ടന്റായി നിശ്ചയിച്ചിരിയ്ക്കുന്നത് ഏത് ഏജൻസിയെയാണ്; | **എ**) മെസേഴ്സ് കൺസൾട്ടന്റ് എഞ്ചിനിയറിങ് സർവ്വീസ് കൺസോർഷിയം, മെസേഴ്സ് വാപ്കോസ്-ഐ.എസ്സ്.എ കൺസോർഷിയം, മെസേഴ്സ് സി.ഡി. എം-സ്മിത്ത് എന്നിവരാണ് കൺസൾട്ടന്റ് മാരായി പ്രവർത്തിയ്ക്കുന്നത്. |
| **ബി**) പ്രസ്തുത ഏജൻസിയ്ക്ക് നിശ്ചയിച്ചിരിക്കുന്ന കൺസൾട്ടൻസി ഫീസ് എത്രയാണ്; | **ബി**) മെസേഴ്സ് കൺസൾട്ടന്റ് എഞ്ചിനിയറിങ് സർവ്വീസ് കൺസോർഷിയം എന്ന സ്ഥാപനത്തിന് 25.27 കോടി രൂപയും, മെസേഴ്സ് വാപ്കോസ്-ഐ.എസ്സ്.എ കൺസോർഷിയം എന്ന സ്ഥാപനത്തിന് 31.24 കോടി രൂപയും, മെസേഴ്സ് സി.ഡി. എം-സ്മിത്ത് എന്ന സ്ഥാപനത്തിന് 19.31 കോടി രൂപയുമാണ് കൺസൾട്ടൻസി ഫീസ് ആയി കരാർ ഒപ്പു വെച്ചിരിയ്ക്കുന്നത്. |
| **സി**) പ്രസ്തുത ഏജൻസിയെ കൺസൾട്ടന്റായി നിശ്ചയിച്ചത് എപ്പോഴാണ്; | **സി**) മെസേഴ്സ് കൺസൾട്ടന്റ് എഞ്ചിനിയറിങ് സർവ്വീസ് കൺസോർഷിയത്തിനെ 15/05/2007-ലും, മെസേഴ്സ് വാപ്കോസ്- ഐ.എസ്സ്.എ കൺസോർഷിയത്തിനെ 20/05/2007-ലും, മെസേഴ്സ് സി.ഡി. എം-സ്മിത്ത് എന്ന സ്ഥാപനത്തിനെ 06/07/2007-ലും സാങ്കേതിക നിർവ്വഹണസഹായികളായി (കൺസൾട്ടൻസ്) അംഗീകരിച്ച |
| **ഡി**) കൺസൾട്ടന്റായി നിശ്ചയിച്ചിരിക്കുന്ന ഏജൻസികളുടെ ചുമതലകളും, ഉത്തരവാദിത്തങ്ങളും | **ഡി**) കേരള സുസ്ഥിര നഗരവികസന പദ്ധതിയ്ക്ക് വേണ്ടി വിശദമായ പദ്ധതി രേഖകൾ, രൂപരേഖകൾ, അടങ്കലുകൾ |

| | |
|---|---|
| എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | എന്നിവ തയ്യാറാക്കി അനുമതികൾ ലഭിക്കുന്നതിനു വേണ്ട സഹായം നൽകുക, വിശദമായ ഭൂതലസർവ്വേകൾ നടത്തി മാസ്റ്റർ പ്ലാനുകളും, പദ്ധതിയുടെ സൂക്ഷ്മ വിശകലനറിപ്പോർട്ടുകളും തയ്യാറാക്കുക, പാരിസ്ഥിതിക സാമൂഹിക സുസ്ഥിരത ഉറപ്പുവരുത്തുന്ന ഘടകങ്ങൾ സംയോജിപ്പിച്ച് സന്തുലിത പദ്ധതികൾ രൂപകൽപ്പനചെയ്യുക, പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ട സാങ്കേതിക ഉപദേശം നൽകുക, പദ്ധതിയിലെ എല്ലാ പ്രവർത്തികളും നടത്തുന്നതിന് മേൽനോട്ടം നിർവ്വഹിക്കുക, പ്രവർത്തികൾക്ക് വെണ്ട ദർഘാസ് വിശദറിപ്പോർട്ടുകൾ തയ്യാറാക്കുക, എ.ഡി.ബി.യിൽ നിന്ന് ലഭിക്കേണ്ട എല്ലാ അനുമതികൾക്കും ആവശ്യമായ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക, പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുക, വ്യതിയാനങ്ങൾ ആവശ്യമെങ്കിൽ പരിശോധിച്ച് റിപ്പോർട്ടും, താരതമ്യപഠനരേഖകളും, പുതുക്കിയ അടങ്കലുകളും തയ്യാറാക്കി അനുമതി ലഭ്യമാക്കുക, പദ്ധതി പ്രവർത്തനങ്ങളെ വിലയിരുത്തുക, എ.ഡി.ബി. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്തുക, സാമൂഹിക പാരിസ്ഥിതിക അനുമതികൾക്കുവേണ്ട റിപ്പോർട്ടുകൾ തയ്യാറാക്കുക, പദ്ധതി പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക സംന്തുലനവും, സാമൂഹികസുരക്ഷയും ഉറപ്പുവരുത്തുക, പദ്ധതി പൂർത്തീകരണത്തിൽ പാരിസ്ഥിതിക, സാമൂഹിക ആഘാതം എത്രയെന്ന് വിലയിരുത്തുക, പദ്ധതി നേട്ടങ്ങളും കോട്ടങ്ങളും ലക്ഷ്യപ്രാപ്തിയുടെ തോതും നിർണ്ണയിച്ച് |

| | |
|---|---|
| | റിപ്പോർട്ട് ചെയ്യുക എന്നിവയാണ് കൺസൾട്ടന്റുമാരുടെ പ്രധാനചുമതലുകളും ഉത്തരവാദിത്തങ്ങളും. |

സെക്ഷൻ ആഫീസർ